# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **490** | 24.01.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി - സംസ്ഥാനം നേരിടുന്ന ആഘാതങ്ങളും പ്രത്യാഘാതങ്ങളും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ. ദാസൻ** | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി നടപ്പിലാക്കിയത് കാരണം സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള ആഘാതവും, പ്രത്യാഘാതവും വിലയിരുത്തിയിട്ടുണ്ടോ; ഇത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന വരുമാന നഷ്ടത്തിന് കേന്ദ്രത്തിൽ നിന്ന് എന്തെല്ലാം പരിഹാരമായിരുന്നു വാഗ്ദാനം ചെയ്തത് എന്നത് വിശദമാക്കാമോ; | (എ) യും (ബി) യും (സി) യും | ജി.എസ്.ടി 2017 ജൂലൈ 1 മുതലാണ് നിലവിൽ വന്നത്. ജി.എസ്.ടി-യിൽ നികുതിയ്ക്ക് മേൽ നികുതി ഒഴിവാക്കി. അന്തർ സംസ്ഥാന വാങ്ങലിനു ഇൻപുട്ട് ടാക്സ് ലഭ്യമാക്കുന്ന ചരക്ക് സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ചരക്ക് സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണ ഘടനാ പരമായി അധികാരമുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെ കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ അതിന്റെ വോട്ടിംഗ് ഘടനയിൽ കേന്ദ്രത്തിന് അപ്രമാദിത്വം ഉള്ളതിനാൽ ആ രീതിയിൽ കുറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇത് ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകം തന്നെ നടപ്പിലായതിനാൽ കേരളത്തിനു മാത്രമായി ഇതിൽ നിന്നും മാറി നിൽക്കാൻ സാധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി കൗൺസിലിനെക്കൊണ്ട് പരമാവധി |
| (ബി) | ജി.എസ്.ടി നടപ്പിലാക്കിയത് കാരണം സംസ്ഥാനത്തിനു നേരിടേണ്ടി വന്ന സാമ്പത്തിക പ്രതിസന്ധിയും വരുമാനത്തിലുണ്ടായ ഇടിവും സൂക്ഷ്മമായി വിശദമാക്കാമോ; | | |
| (സി) | സംസ്ഥാനം നേരിടുന്ന ഈ പ്രശ്നങ്ങളോട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നിലപാട് വിശദമാക്കാമോ; കേന്ദ്രത്തിൽ നിന്ന് നാളിതുവരെ എന്തെല്ലാം സഹായം സംസ്ഥാനത്തിന് ലഭിച്ചു എന്നത് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തി വരുന്നത്. ഇതിൽ കുറേയൊക്കെ സംസ്ഥാനം വിജയിച്ചിട്ടുണ്ട്. GST നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തുന്നതിന് GST Compensation Act പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നൽകുന്നത്. 2015-16 ലെ നികുതി വരുമാനമാണ് ഇതിന് കണക്കാക്കുന്നത്. 2015-16 ലെ നികുതി കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കാക്കി 2017-18 ൽ കേരളത്തിന് അർഹതപ്പെട്ട നികുതി വരുമാനം ദ്വൈമാസ തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽ കുറവ് ജി.എസ്.ടി യാണ് സംസ്ഥാനം പിരിച്ചെടുക്കുന്നതെങ്കിൽ കേന്ദ്രം നഷ്ടപരിഹാരം നല്കും. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ - ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിനുള്ള നഷ്ടപരിഹാരം Goods and Services Tax (Compensation to State) Act, 2017 പ്രകാരം ഉറപ്പ് വരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**